**ജില്ല വിദ്യാഭ്യാസപരിശീലന കേന്ദ്രം തിരുവനന്തപുരം**

# പത്താം ക്ലാസിലെ കുട്ടികൾക്കുള്ള വിലയിരുത്തൽ ഉപാധി – 2022 ഫെബ്രുവരി

**സാമൂഹ്യശാസ്ത്രം**

സമയം : 2½ മണിക്കൂർ ആകെ സ്കോർ : 80

---

**പൊതു നിർദേശങ്ങൾ.**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം ഉപയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങൾ ശരിയായി വായിച്ചു മനസിലാക്കിയ ശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

## പാർട്ട് I

**A. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 1 സ്കോർ വീതം. (4 × 1 = 4)**

1. ശാശ്വത ഭൂനികുതി വ്യവസ്ഥ നടപ്പിലാക്കിയ ബ്രിട്ടീഷ് ഗവർണർ ജനറൽ ആര്?

   a. കോൺവാലീസ് പ്രഭു    b. ഡൽഹൗസി പ്രഭു

   c. കഴ്സൺ പ്രഭു    d. വില്യം ബെന്റിക് പ്രഭു

2. ധരാതലീയ ഭൂപടങ്ങളിൽ വടക്ക് - തെക്ക് ദിശയിൽ വരയ്ക്കുന്ന രേഖകളാണ്

   a. കോണ്ടൂർരേഖ    b. നോർത്തിങ്സ്

   c. ഈസ്റ്റിങ്സ്    d. ബെഞ്ച് മാർക്ക്

3. രാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ട ഏറ്റവും സ്വീകാര്യമായ സിദ്ധാന്തം ഏത്?

   a. ശക്തി സിദ്ധാന്തം    b. ദൈവദത്ത സിദ്ധാന്തം

   c. സാമൂഹിക ഉടമ്പടി സിദ്ധാന്തം    d. പരിണാമ സിദ്ധാന്തം

4. ഗുണമേന്മയുള്ള ആരോഗ്യസേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുന്നതിനുവേണ്ടി ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനം

   a. ദേശീയ നഗരാരോഗ്യമിഷൻ    b. ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ

   c. നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം

   d. സംയോജിത ശിശുവികസന സേവന പരിപാടി.

5. സമൂഹശാസ്ത്രത്തിന്റെ പിതാവ് ആര്?

   a. ഹെർബർട്ട് സ്പെൻസർ    b. എമൈൽ ദുർഖിം

   c. അഗസ്ത് കോംതെ    d. മാക്സ് വെബർ

6. അന്തരീക്ഷമർദ്ദം അളക്കുന്നതിന് ഉപയോഗിക്കുന്ന ഉപകരണം.

   a. രസബാരോമീറ്റർ    b. ഹൈഗ്രോമീറ്റർ

   c. അനിമോമീറ്റർ    d. തെർമോമീറ്റർ

**B. 7 മുതൽ 10 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക. 1 സ്കോർ വീതം. (4 ×1 = 4)**

7. സ്വാമി വിവേകാനന്ദൻ സ്ഥാപിച്ച പരിഷ്കരണ പ്രസ്ഥാനം:

   a. സ്വാഭിമാന പ്രസ്ഥാനം    b. ആര്യസമാജം

   c. പ്രാർഥനാസമാജം    d. രാമകൃഷ്ണമിഷൻ

8. ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം.

a. ബൊക്കാറോ  b. ഝാറിയ

c. നെയ്‌വേലി  d. ഭിലായ്

9. നിശ്ചിത തുക വീതം ഒരു പ്രത്യേക കാലയളവിലേക്ക് എല്ലാ മാസവും നിക്ഷേപിക്കുന്നതാണ്.

a. സ്ഥിരനിക്ഷേപം  b. പ്രചലിത നിക്ഷേപം

c. സമ്പാദ്യനിക്ഷേപം  d. ആവർത്തിത നിക്ഷേപം

10. സ്വരാജ് പാർട്ടി രൂപീകരിച്ച വർഷം:

a. 1923  b. 1934  c. 1920  d. 1929

## പാർട്ട് II

**A. 11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**
**(3 × 2 = 6)**

11. ഇ - ഗവേണൻസിന്റെ രണ്ട് മേന്മകൾ എഴുതുക.

12. വാണിജ്യബാങ്കുകൾ ഏതെല്ലാം ആവശ്യങ്ങൾക്കാണ് ജനങ്ങൾക്ക് പണവായ്പ നൽകുന്നത്?

13. കുറിച്യകലാപത്തിന്റെ കാരണങ്ങൾ എന്തെല്ലാം?

14. 1954 ലെ പഞ്ചശീല തത്ത്വങ്ങളിൽ ഒപ്പുവച്ചത് ആരെല്ലാം?

15. ധരാതലീയ ഭൂപടങ്ങളുടെ ഏതെങ്കിലും രണ്ട് ഉപയോഗങ്ങൾ എഴുതുക.

**B. 16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 2 സ്കോർ വീതം.**
**(2 × 2 = 4)**

16. രാഷ്ട്രതന്ത്രശാസ്ത്രത്തിലെ ഏതെങ്കിലും രണ്ട് പഠനമേഖലകൾ എഴുതുക.

17. മലബാർ കലാപത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

18. ധനനയത്തിന്റെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക.

## പാർട്ട് III

**A. 19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.**
**(3 ×4 = 12)**

19. A കോളത്തിന് അനുയോജ്യമായവ B കോളത്തിൽ നിന്നും ക്രമപ്പെടുത്തി എഴുതുക.

| A | B |
|---|---|
| വൈകുണ്ഠസ്വാമികൾ | ശ്രീനാരായണ ധർമ്മപരിപാലനയോഗം |
| ടി.കെ.മാധവൻ | ഗുരുവായൂർ സത്യാഗ്രഹം |
| ശ്രീനാരായണ ഗുരു | സമത്വസമാജം |
| കെ.കേളപ്പൻ | വൈക്കം സത്യാഗ്രഹം |

20. ചരക്കുസേവന നികുതിയെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

21. നിരീക്ഷണ പഠനരീതി എന്നാലെന്ത്? സമൂഹശാസ്ത്രപഠനത്തിൽ ഉപയോഗിച്ചുവരുന്ന രണ്ടുതരം നിരീക്ഷണങ്ങൾ ഏതെല്ലാം?

22. 1986 ലെ ഉപഭോക്തൃ സംരക്ഷണ നിയമം മുന്നോട്ടുവയ്ക്കുന്ന ഉപഭോക്താക്കളുടെ അവകാശങ്ങൾ ഏതെല്ലാം?

23. ചുവടെ കൊടുത്തിട്ടുള്ള ഭൂവിവരങ്ങളെ നൽകിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെ ഴുതുക.

a. കണ്ട്ല തുറമുഖം
b. മഹാനദി
c. പശ്ചിമഘട്ടം
d. മാൾവാ പീഠഭൂമി

**B.** **24 മുതൽ 25 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ.**
**(1 ×4 = 4)**

24. മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?

25. പൗരബോധം വളർത്തുന്നതിൽ ധാർമികതയുടെ പങ്ക് വ്യക്തമാക്കുക.

## പാർട്ട് IV

**A.** **26 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.**
**(3 ×6 = 18)**

26. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ആദ്യകാല സമരങ്ങളെക്കുറിച്ച് വിശദീകരിക്കുക.

27. ഹിമാലയൻ നദികളുടെയും ഉപദ്വീപിയ നദികളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.

28. ബഹിരാകാശ ഗവേഷണരംഗത്ത് ഇന്ത്യ കൈവരിച്ച നേട്ടങ്ങൾ വിലയിരുത്തുക.

29. ഭൂസ്ഥിര ഉപഗ്രഹങ്ങൾ സൗരസ്ഥിര ഉപഗ്രഹങ്ങളിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?

**B.** **30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 6 സ്കോർ വീതം.**
**(2 ×6 = 12)**

30. ചുവടെ നൽകിയിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ അസ്ഥിരവാതങ്ങളെക്കുറിച്ച് വിശദമാക്കുക.

* ചക്രവാതങ്ങൾ
* പ്രതിചക്രവാതങ്ങൾ

31. ഇന്ത്യയിലെ സാമൂഹ്യപരിഷ്കരണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

a. ഇന്ത്യൻ സമൂഹത്തെ പരിഷ്കരിക്കുന്നതിനായി സാമൂഹ്യ പരിഷ്കർത്താക്കൾ മുന്നോട്ടുവച്ച ആവ ശ്യങ്ങൾ ഏതെല്ലാം?

b. സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനത്തിൽ രാജാറാം മോഹൻറായ് വഹിച്ച പങ്ക് വ്യക്തമാക്കുക.

32. പാരമ്പര്യേതര ഊർജസ്രോതസുകൾ ഏതെല്ലാം? അവയുടെ മേന്മകൾ എഴുതുക.

## പാർട്ട് V

**A.** **33 മുതൽ 35 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.**
**(2 ×8 = 16)**

33. ഫ്രഞ്ചുവിപ്ലവത്തെക്കുറിച്ച് സൂചനകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുക.

* മൂന്ന് എസ്റ്റേറ്റുകൾ
* ചിന്തകന്മാർ

34. ലഘുവിവരണം തയ്യാറാക്കുക.

* ഗ്രീനിച്ച് സമയം
* ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം
* അന്താരാഷ്ട്ര ദിനാങ്കരേഖ

35. ഒന്നാം ലോക യുദ്ധത്തിന്റെ കാരണങ്ങൾ വിശദമാക്കുക.